# ഖുർആൻ നിഷേധികളായ ശിയാക്കളുടെ കള്ളക്കഥകൾ

ശിയാക്കളുടെ വിശ്വാസത്തെക്കുറിച്ച് നമ്മുടെ നാട്ടിലെ മുസ്ലിംകളിൽ ബഹുഭൂരിപക്ഷത്തിനും വലിയ അറിവില്ല. സ്വന്തമായ ഇസ്ലാമിക വിശ്വാസം തന്നെ കൃത്യമായി എന്താണെന്ന് അറിയാത്തവരാണ് ഭൂരിപക്ഷവും. – ബാപ്പ മയമുട്ടി ഉമ്മ ആയിശക്കുട്ടി ഞാൻ മൊയ്തുട്ടി – ഇതാണ് നമ്മളിൽ പലരുടേയും ഇസ്ലാമിൻെറ അടിത്തറ: അപ്പോൾപിന്നെ ശിയാക്കളുടെ അഖീദ എന്താണെന്ന് അറിയാത്തതിൽ തീരെ അൽഭുതം വേണ്ടതില്ലല്ലോ.. അവിടെയാണ് കേവലം ചില ചില്ലറ നിസ്സാരമായ അഭിപ്രായ വ്യത്യാസങ്ങൾ മാത്രമേ സുന്നികൾക്കും ശിയാക്കൾക്കുമിടയിലുള്ളൂ എന്ന് പറഞ്ഞുകൊണ്ട് ചില തൽപ്പരകക്ഷികൾ രംഗത്ത് വരുന്നത് നാം ഗൗരവമായിട്ടെടുക്കുന്നത്. ഇന്ന് ലോകത്തെ ശീഇസത്തിൻെറ വാക്താക്കളായ ഇറാനിലെ ഖുമൈനിസ്ററുകളെ ഇസ്ലാമികവിപ്ലവത്തിൻെറ നെടുനായകൻമാരായി അവരോധിച്ച് മലയാളികൾക്കിടയിൽ ശീഇ ചിന്തകൾ അതി നിഗൂഢമായി പ്രചരിപ്പിക്കാനുള്ള പല പരിശ്രമങ്ങളും നടന്നുവരുന്നതും നാം കാണുന്നു.. നൂററാണ്ടുകളോളം ബ്രിട്ടീഷ് സാമ്രാജ്യത്വത്തിൻ കീഴിൽ കഷ്ടത അനുഭവിച്ചിട്ടുള്ള ഇന്ത്യക്കാരായ നമ്മളെ സംബന്ധിച്ചിടത്തോളം സാമ്രാജ്യത്വ ശക്തികൾക്കെതിരെ പ്രതികരിക്കുന്നവരെ മനസ്സ്കൊണ്ട് സ്നേഹിക്കുന്നവരും ബഹുമാനിക്കുന്നവരുമാണ്. ഇറാനിലെ ശിയാക്കളുടെ പുരോഹിതർ അമേരിക്കക്കെതിരെ നടത്തുന്ന തെറിയഭിഷേകങ്ങൾ കണ്ട് നമ്മുടെ നാട്ടിലുള്ള മഹാഭൂരിപക്ഷം അതവരുടെ സാമ്രാജ്യത്വവിരുദ്ധനയങ്ങളായി തെററിദ്ധരിച്ചവരാണ്. സത്യത്തിൽ അമേരിക്കയും മററ് കൊളോണിയൽശക്തികളും സിയോണിസ്ററുകളും ശിയാഇസത്തേയും ഇറാനിയൻ ഖുമൈനിസ്ററുകളേയും ശത്രുക്കളായി കാണുന്നില്ല. നേരെമറിച്ച് ഇറാനിലെ ശിയാക്കളുടെ ഇന്നത്തെ ഈ അവസ്ഥ അവരറിയാതെ അവർക്കുണ്ടായ ഒരു പരിണാമം മാത്രമാണ്.
ചട്ടനെ പൊട്ടൻ ചതിച്ചപ്പോൾ പൊട്ടനെ ദൈവം ചതിച്ചു എന്നതുപോലെ ഇസ്ലാമിനെ തകർക്കാൻ ജൂതൻമാരുണ്ടാക്കിയ കെണികളിലൊന്നായ ശിയാമതത്തിലൂടെ പലവിധ തന്ത്രങ്ങൾ നെയ്ത് യഹൂദികളും ഇസ്ലാമിൻെറ ശത്രുക്കളും മുന്നേറിയപ്പോൾ എല്ലാ തന്ത്രങ്ങളേയും വെല്ലുന്ന തന്ത്രങ്ങൾക്കുടയവനായ റബ്ബിൻെറ ഒരിടപെടലാവാം..... അല്ലാഹു അഅ്ലം..

وَمَكَرُوا وَمَكَرَ اللَّهُ وَاللَّهُ خَيْرُ الْمَاكِرِينَ

3: 54 അവർ ( സത്യനിഷേധികൾ ) തന്ത്രം പ്രയോഗിച്ചു. അല്ലാഹുവും തന്ത്രം പ്രയോഗിച്ചു. അല്ലാഹു നന്നായി തന്ത്രം പ്രയോഗിക്കുന്നവനാകുന്നു.

യഹൂദികൾ അതിബുദ്ധിമാൻമാരാണ്. അവർക്കറിയാം അവരുടെ ശത്രു മുസ്ലിംകളല്ല. മറിച്ച് ഇസ്ലാമാണ്. അതുകൊണ്ട്തന്നെ മുസ്ലിംകളിൽനിന്നും യഥാർത്ഥ ഇസ്ലാമിനെ അകററുവാനുള്ള സകല തന്ത്രങ്ങളും അവർ മെനഞ്ഞുണ്ടാക്കും. ഉണ്ടാക്കിയിട്ടുമുണ്ട് അടുത്ത 10 നൂററാണ്ടിലേക്കുള്ള കാര്യങ്ങൾ എങ്ങനെയൊക്കെയാണ് തങ്ങളെ ബാധിക്കുക എന്നതൊക്കെ മുൻകൂട്ടി പ്ലാൻ ചെയ്ത് അതനുസരിച്ച് തന്ത്രങ്ങൾ മെനയുന്നവരാണവർ.
യഹൂദികളെ സംബന്ധിച്ചിടത്തോളം ശിയാഇസം ഒരിക്കലും അവരുടെ ശത്രുവല്ല. കാരണം ശിയാഇസം ഉണ്ടാക്കിയത് തന്നെ യഹൂദികളാണ്. യഹൂദനായ അബ്ദുല്ലാഹിബ്നുസബഇനെ മുസ്ലിം വേഷം കെട്ടിച്ച് അലി(റ)വിൻെറയും അഹ്ലുബൈത്തിൻേറയും പിന്തുണക്കാരനായി രംഗത്തിറക്കി ഫിത്നകളുണ്ടാക്കിയത് ജൂതപുരോഹിതരാണ്. ലോക ചരിത്രത്തിൽ ഒരിടത്തും യഹൂദികൾക്ക് ശിയാക്കളുമായി ഏററുമുട്ടേണ്ടി വന്നിട്ടില്ല. കാരണം രണ്ടും ഒരേ തൂവൽപക്ഷികളാണ്. ഖബ്റാരാധനയിലും ശിർക്കിലും പൗരോഹിത്യത്തിലും കെട്ടിപ്പടുത്തതാണ്.

സമീപകാല ചരിത്രം നോക്കുക: സുന്നികൾ ഭരിച്ചിരുന്ന ഇറാക്കിൽ ലക്ഷക്കണക്കിന് മുസ്ലിംകളെ കൊന്നൊടുക്കി നരനായാട്ട് നടത്തി ഭരണം ശിയാക്കൾക്കേൽപ്പിച്ചുകൊടുത്തുകൊണ്ട് അവിടത്തെ സമ്പത്ത് കവർന്നെടുത്ത് അമേരിക്കയും യഹൂദികളും ആഘോഷിക്കയാണ്. കൂട്ടത്തിൽ മുസ്ലിംകളെ തമ്മിലടിപ്പിച്ച് പരസ്പരം കൊന്നൊടുക്കുന്നു. എന്നാൽ ഇറാനിലെ അമേരിക്കൻ എംബസിയിൽ

മാസങ്ങളോളം നൂറുകണക്കിന് അമേരിക്കക്കാരെ തടവിലിട്ട് ശീയാവിപ്ലവകാരികൾ പോർവിളിച്ചിട്ടും അമേരിക്ക അനങ്ങിയില്ല. ലോകത്തെ മററ് രാഷ്ട്രങ്ങളിൽ കടന്നുകയറി ആധിപത്യം സ്ഥാപിക്കാൻ അമേരിക്ക പ്രയോഗിച്ച അണുബോംബും ക്ലസ്ററർ ബോംബും മററ് സകല ആയുധങ്ങളും കയ്യിലുണ്ടായിട്ടും പ്രസ്താവനായുദ്ധങ്ങളല്ലാതെ കടുത്ത ഇരിടപെടലും അമേരിക്ക ഇറാനിൽ നടത്തിയില്ല. അതൊരു ചരിത്രസത്യമല്ലേ..? എന്തുകൊണ്ട്..?? ഇവിടെയാണ് നമ്മുടെ ചിന്ത ഉണരേണ്ടത്.

ഇനിയും അങ്ങനെ ഒരു കടുത്ത ഇടപെടൽ ശിയാക്കൾക്കെതിരെ അവർ നടത്തില്ല. ഇറാനിലെ സർക്കാരിനെ ഇങ്ങനെയൊക്കെ പ്രസ്താവനായുദ്ധത്തിലൂടെ വെല്ലുവിളിക്കുന്നതിന്നിടയിൽ അവരുമായിട്ട് റൊണാൾഡ്റീഗൻ സർക്കാർ നടത്തിയ കുപ്രസിദ്ധമായ ആയുധക്കച്ചവടം നമ്മുടെയൊക്കെ കണ്ണ് തുറപ്പിക്കേണ്ടതാണ്. ഇപ്പോൾ സൗത്ത്ലെബനോനിലുള്ള ശിയാക്കൾ ഹിസ്ബുല്ല എന്ന സംഘടന രൂപീകരിച്ച് ഇസ്റായേലിന്നെതിരേ പന്നിപ്പടക്കവും വാണവും പൊട്ടിച്ച് വലിയ ഹുങ്കാരം മുഴക്കുമ്പോഴും ഇസ്റായേൽ മിണ്ടാറില്ല. ഹിസ്ബുല്ലക്കാർക്കെതിരെ ഇസ്റായേൽ ലെബനോൺ ആക്രമിക്കുമ്പോൾ ഒരിക്കലും ഹിസ്ബുല്ലാകേന്ദ്രങ്ങളായ ഷിയാഗ്രാമങ്ങൾ അക്രമിക്കാറില്ല. സുന്നികൾക്ക് ഭൂരിപക്ഷമുള്ള ആവാസകേന്ദ്രങ്ങൾ മാത്രം തകർത്ത് നശിപ്പിച്ച് രഹസ്യമായി ഹിസ്ബുല്ലയുമായി ഉടമ്പടിയുണ്ടാക്കും. തങ്ങളുടെ ഭടൻമാരെ മോചിപ്പിക്കാൻ എന്നപേരിൽ ഉടമ്പടിയുണ്ടാക്കി കോടിക്കണക്കിന് ഡോളർ വിലയുള്ള ആയുധങ്ങൾ നൽകും. സ്വന്തം ജനിച്ചുവളർന്ന വീട് ഇടിച്ചുനിരത്തുന്ന യഹൂദിപ്പട്ടാളത്തിന്നെതിരേ കല്ലെടുത്തെറിയുന്ന പലസ്തീനിലെ പത്ത് വയസ്സുകാരായ കൊച്ചുബാലൻമാരുടെ നേരെപ്പോലും മിസൈൽ പ്രയോഗിച്ച് അതിക്രൂരമായി കൊല്ലുന്ന സർവ്വായുധ സന്നാഹങ്ങളുള്ള ഇസ്റായേലിപ്പട്ടാളം ശിയാക്കളായ ഹിസ്ബുല്ലയുടെ മുന്നിൽ പൂച്ചക്കുട്ടികളായി മാറുന്നത് എന്തുകൊണ്ട്..?? ഹിസ്ബുല്ലാ പോരാളികൾ ഉപയോഗിക്കുന്ന ആയുധങ്ങൾ ആരാണ് നൽകുന്നത്..?? അതേ അതാണ് ജൂതതന്ത്രം.. ഇരുതലമൂർച്ചയുള്ള കുടിലൻമാരുടെ തന്ത്രം.. ഇന്ന് ലോകമുസ്‌ലിംകൾ നേരിടുന്ന തീവ്രവാദമടക്കമുള്ള സകല പ്രശ്നങ്ങളുടേയും അടിവേരുകൾ തുടങ്ങുന്നത് അവിടെ നിന്നാണ്. അതു മനസ്സിലാക്കാതെ വികാരത്തിന്നടിപ്പെട്ട് മുസ്‌ലിംകളിൽപെട്ട പലരും അവരറിഞ്ഞോ അറിയാതെയോ ആ യഹൂദികളുടെ കുടിലതതന്ത്രങ്ങളുടെ ചട്ടുകങ്ങളായി മാറുന്നു.

ഇസ്‌ലാം ലോകമെങ്ങും നാൾക്ക് നാൾ വർധിച്ചുവരുന്ന സാഹചര്യത്തിൽ അവർക്കിടയിൽ അവരെ തമ്മിലടിപ്പിക്കുന്ന മറെറാരുകൂട്ടം മുസ്‌ലിംകളുണ്ടാവേണ്ടത് ഇസ്‌ലാമിൻെറ ശത്രുക്കളുടെ താൽപര്യമാണ്. അതാണ് ശിയാമതത്തിൻെറ തുടക്കം. ഇന്നും അതിൻെറ ലക്ഷ്യം അതുതന്നെയാണ്. ഇറാനിലേയും ഇറാക്കിലേയും ലെബനോനിലേയുമൊക്കെ ശിയാക്കളെ സർവ്വനിലക്കും നിഗൂഢമായി സഹായിക്കാനും പ്രസ്താവനായുദ്ധത്തിലൂടെ ഇസ്‌ലാമിൻെറ യഥാർത്ഥ വീരപരിവേഷം ചാർത്തിക്കൊടുക്കാനും സാമ്രാജ്യത്വ ശക്തികൾ വിവിധങ്ങളായ തന്ത്രങ്ങൾ പയററുകയാണ്.

ഇസ്‌ലാം എന്താണെന്നറിയാത്ത കാനേഷുമാരി മുസ്‌ലിംകൾ മഹാഭൂരിപക്ഷമുള്ളതിനാൽ യഹൂദികൾ എന്ത് തന്ത്രമൊരുക്കിയാലും അതിൽ കടിച്ച്തൂങ്ങാൻ പുലിക്കുട്ടികളായ മാപ്പിളക്കുട്ടികൾ ഏത് നാട്ടിലും എക്കാലത്തും യഥേഷ്ഠമുണ്ടാവുമെന്നും കുടിലതന്ത്രക്കാരായ ആ സിയോണിസ്ററുകൾക്കറിയാം...

എന്നാലിതൊന്നും പഠിക്കാനോ ചിന്തിക്കാനോ ഉള്ള ദീർഘവീക്ഷണവും അകക്കണ്ണും ബുദ്ധിജീവികളാണെന്ന് പറയപ്പെടുന്നവർക്ക് പോലുമില്ലായെന്നതാണ് സത്യം. ഇറാനിലെ ശിയാഇസത്തെ ഇസ്‌ലാമിൻെറ ലോകോത്തരസംസ്ക്കാരത്തിൻെറ പ്രതീകങ്ങളായി മഹത്വവൽക്കരിക്കാൻ നമ്മുടെ നാട്ടിൽ ജമാഅത്തെ ഇസ്‌ലാമിക്കാരും മററ് മൗദൂദിസ്ററുകളും കിണഞ്ഞ് പരിശ്രമിക്കയാണ്. പ്രബോധനക്കാരും മൗദൂദിസത്തിൽ അവരേക്കാൾ 24 കാരററ് തേജസ്സ് കൂടിയ എൻടിഎഫുകാരും ഇക്കാര്യത്തിൽ മൽസരിക്കയാണ്. അവരുടെ പേജുകളും സ്റേറജുകളും ഇറാനിയൻ വിപ്ലവത്തേയും ഖുമൈനിസത്തേയും വാഴ്ത്തിവാഴ്ത്തി മലയാളിമനസ്സുകളിൽ ശിയാഇസം കുത്തിക്കേററുകയാണ്. ഒരു ശീഈമതക്കാരൻ പോലുമില്ലാതിരുന്ന കേരളത്തിൽ അലിശരീഅത്തിയെപ്പോലുള്ള തീവ്രവാദശീഈപക്ഷപാതികളായ പുരോഹിതൻമാർ രചിച്ച സഹാബത്തിനെതിരെ വിഷം ചീററുന്ന കിതാബുകൾ മലയാളത്തിലേക്ക് മൊഴിമാററം നടത്തി ശിയാമതം

ഉണ്ടാക്കിക്കൊണ്ടിരിക്കയാണ്. കഴിഞ്ഞ വർഷം പയ്യോളിയിൽ ആദ്യമായി മുഹർറം ആചരിച്ചുകൊണ്ട് കേരളത്തിൽ ശീഇമതക്കാരുടെ പരസ്യമായ ആചാരങ്ങൾക്ക് തുടക്കം കുറിച്ചു.

അബൂബക്കറും ഉമറുമടങ്ങുന്ന സഹാബത്തിനെ ചീത്ത പറയുന്നത് അള്ളാഹുവിങ്കൽനിന്ന് പുണ്യം കിട്ടുന്ന ഇബാദത്താണെന്ന് പഠിപ്പിക്കുന്ന ഖുമൈനിയെപ്പോലുള്ള ശിയാപുരോഹിതൻമാരെ ആയത്തുള്ള കളായും സമ്പൂർണഇസ്ലാമിൻെറ നേതാക്കളായും വാക്താക്കളായും മഹത്വവൽക്കരിച്ച് ജമാഅത്തെ ഇസ്ലാമിക്കാരും മററ് മൗദൂദിസ്ററുകളും കേരളീയർക്ക് പരിചയപ്പെടുത്തുകയാണ്. ഇങ്ങനെ ഗൂഢമായി മലയാളികൾക്കിടയിൽ ശിയാഇസം പ്രചരിപ്പിക്കാൻ ചില താൽപ്പര്യങ്ങൾ മുൻനിർത്തി പ്രവർത്തിക്കുന്ന ഈ കക്ഷികൾ നമ്മുടെ നാട്ടിൽ പല നിലക്കും സജീവമായിട്ടുള്ള സാഹചര്യത്തിൽ ശിയാക്കളുടെ വിശ്വാസങ്ങളെക്കുറിച്ചും യഹൂദിതന്ത്രങ്ങളെക്കുറിച്ചും ചില സൂചനകൾ തരുവാനാണ് ഞാനിതെഴുതുന്നത്.
ആദ്യമായി പറയട്ടെ., ഈ ലേഖനം 2 ഭാഗമായിട്ടാണ് ഞാൻ തയ്യാറാക്കുന്നത്: അതിൽ ഈ സമുദായത്തിൻെറ ഉന്നതരും ഉത്തമരുമായ സഹാബത്തിനെക്കുറിച്ച് ശിയാക്കളുടെ കിതാബുകളിൽ വന്ന കള്ളക്കഥകളാണ് ഞാനിവിടെ കൊടുക്കുന്നത്. ശീഈ ചിന്തകൾക്ക് അടിത്തറയിടുന്നതിന്നായി  മഹാൻമാരായ പലരുടെ പേരിലും അവർ പറഞ്ഞുവെന്ന് പറഞ്ഞിട്ടാണ് ശിയാപുരോഹിതൻമാർ ഈ കള്ളക്കഥകൾ മെനഞ്ഞിട്ടുള്ളത് യഥാർത്ഥത്തിൽ അവരൊന്നും അങ്ങിനെ പറഞ്ഞിട്ടില്ല. അതുകൊണ്ടുതന്നെ അലി(റ)വോ മററ് മഹത്തുക്കളോ ഈ ശീഈകെട്ടുകഥകൾക്ക് യാതൊരുവിധത്തിലും ഉത്തരവാദികളല്ല. ഈ വസ്തുത കൃത്യമായും മാന്യ വായനക്കാരുടെ മനസ്സിൽ എപ്പോഴുമുണ്ടാവേണ്ടതാണ്

ശീഈ വിശ്വാസം ഊട്ടിയുറപ്പിക്കണമെങ്കിൽ ഈ കള്ളക്കഥകളില്ലാതെ സാധ്യമല്ല. കർബലയുടെ ഓരോ വാർഷികദിനങ്ങളിലൂം മററ് ഇമാമീങ്ങളുടെ ആണ്ടുകളിലും ഈ കള്ളക്കഥകൾ വീണ്ടും ആവർത്തിച്ചു പറഞ്ഞ് ശീഈവിശ്വാസികളിൽ സഹാബത്തിനെതിരെയും അഹ്ലുസ്സുന്നത്തിനെതിരെയും വീണ്ടും വീണ്ടും വെറുപ്പും പകയും ഉണ്ടാക്കിക്കൊണ്ട് ശീഈ വിശ്വാസം പുതുക്കുന്നു. ശിയാക്കളുടെ എല്ലാ ദീനിപരിപാടികളിലും പ്രധാനപ്പെട്ട ചടങ്ങ് ഇത്തരം കള്ളക്കഥകൾ പറഞ്ഞ് മാല ചൊല്ലലും കരച്ചിലുമാണ്. സഹാബത്തിന്നെതിരിൽ ഇത്തരത്തിലുള്ള ആയിരക്കണക്കിന് കള്ളക്കഥകളും ദുഷ്പ്രചരണങ്ങളും നിറഞ്ഞുനിൽക്കുന്ന നൂറുകണക്കിന് പഴയതും പുതിയതുമായ ഗ്രന്ഥങ്ങൾ ഇപ്പോഴും അച്ചടിച്ചിറക്കിക്കൊണ്ടിരിക്കുന്നു. അതെല്ലാം പല പേരുകളിലായി ജമാഅത്തുകാരും എൻഡിഎഫുകാരും മലയാളത്തിലേക്ക് മൊഴിമാററം നടത്തിക്കൊണ്ടിരിക്കുന്നു.

യഥാർത്ഥ അഹ്ലുസ്സുന്നത്ത് വൽജമാഅത്തിൻെറ അനുയായികളായ നമ്മെ സംബന്ധിച്ചിടത്തോളം സഹാബത്തിനെ വേർതിരിക്കുന്ന പ്രശ്നമില്ല. അബൂബക്കറും ഉമറും ഉസ്മാനും അലിയും ഫാത്വിമയും ഹസനും ഹുസൈനും തുടങ്ങി എല്ലാ സ്വഹാബികളും ( رَضِيَ اللَّهُ عَنْهُمْ ) നമ്മളെ സംബന്ധിച്ചിടത്തോളം മഹാൻമാരാണ്. അവരെ തരംതിരിച്ച് ചിലരെ പുകഴ്ത്തി ചിലരെ ഇകഴ്ത്തി തെറി പറയുന്നതും നമ്മുടെ സമീപനമല്ല. കാരണം നമ്മൾ ഖുർആനിൽ പരിപൂർണമായും വിശ്വസിക്കുന്നവരാണ്. പരിശുദ്ധ ഖുർആനിൽ സഹാബത്തിനെക്കുറിച്ച് അല്ലാഹു പറഞ്ഞിരിക്കുന്നത്

| |
|---|
| وَالسَّابِقُونَ الْأَوَّلُونَ مِنَ الْمُهَاجِرِينَ وَالْأَنْصَارِ وَالَّذِينَ اتَّبَعُوهُمْ بِإِحْسَانٍ رَضِيَ اللَّهُ عَنْهُمْ وَرَضُوا عَنْهُ وَأَعَدَّ لَهُمْ جَنَّاتٍ تَجْرِي تَحْتَهَا الْأَنْهَارُ خَالِدِينَ فِيهَا أَبَدًا ذَٰلِكَ الْفَوْزُ الْعَظِيمُ [التوبة/100] |
| 9: 100. മുഹാജിറുകളിൽ നിന്നും അൻസാറുകളിൽ നിന്നും ആദ്യമായി മുന്നോട്ട് വന്നവരും, സുകൃതം ചെയ്തുകൊണ്ട് അവരെ പിന്തുടർന്നവരും ആരോ അവരെപ്പറ്റി അല്ലാഹു സംതൃപ്ത നായിരിക്കുന്നു. അവനെപ്പറ്റി അവരും സംതൃപ്തരായിരിക്കുന്നു. താഴ്ഭാഗത്ത് അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗത്തോപ്പുകൾ അവർക്ക് അവൻ ഒരുക്കിവെക്കുകയും ചെയ്തിരിക്കുന്നു. എന്നെന്നും അവരതിൽ നിത്യവാസികളായിരിക്കും. അതത്രെ മഹത്തായ ഭാഗ്യം |
| |

| |
|---|
| صحيح البخاري - عن عِمْرَانَ بْنَ حُصَيْنٍ رَضِيَ اللَّهُ عَنْهُمَا يَقُولُ قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ خَيْرُ أُمَّتِي قَرْنِي ثُمَّ الَّذِينَ يَلُونَهُمْ ثُمَّ الَّذِينَ يَلُونَهُمْ |
| ഏററവും ഉത്തമമായ തലമുറ എൻെറ തലമുറ, പിന്നെ അവരോടടുത്ത തലമുറയാണ്. പിന്നെ അവരോടടുത്ത തലമുറയാണ്. ബുഖാരി |
| صحيح البخاري - عَنْ أَبِي سَعِيدٍ الْخُدْرِيِّ رَضِيَ اللَّهُ عَنْهُ قَالَ قَالَ النَّبِيُّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ لَا تَسُبُّوا أَصْحَابِي فَلَوْ أَنَّ أَحَدَكُمْ أَنْفَقَ مِثْلَ أُحُدٍ ذَهَبًا مَا بَلَغَ مُدَّ أَحَدِهِمْ وَلَا نَصِيفَهُ |
| നിങ്ങളെൻെറ സഹാബത്തിനെ ചീത്ത പറയരുത് കാരണം നിശ്ചയമായും നിങ്ങളിലൊരാൾ ഉഹദ് മലയോളം സ്വർണ്ണം ചെലവഴിച്ചാലും അവരിലൊരാളുടെ സേറിനോ അതിൻെറ പകുതിയോളമോ എത്തുകയില്ല. ബുഖാരി : മുസ്ലിം |

പരിശുദ്ധ ഖുർആനിൻെറയും നബിതിരുമേനി(സ)യുടേയും ഈ കൽപ്പനകളെ അക്ഷരംപ്രതി അനുസരിക്കണമെന്ന് ആഗ്രഹിക്കുന്ന നമ്മളെ സംബന്ധിച്ചിടത്തോളം അല്ലാഹുവും അവൻെറ റസൂലും പുകഴ്ത്തിയ സഹാബത്തിനെക്കുറിച്ച് ഒരു അണുത്തൂക്കം പോലും മോശം ചിന്തയുണ്ടാവില്ല. എന്നാൽ ജൂതനിർമ്മിതികളായ ശിയാക്കൾക്കും അവരുടെ സബ്ഏജൻറുമാരായി ഇന്ത്യാരാജ്യത്ത് പ്രവർത്തിക്കുന്ന ജമാഅത്തെ ഇസ്ലാമിക്കാരനും മററ് മൗദൂദിസ്ററുകൾക്കും മഹാൻമാരായ സ്വഹാബത്ത് കള്ളൻമാരും വഞ്ചകരും അഴിമതിക്കാരുമാണ്. ഞാനിത് വെറുതെ ആരോപിക്കുന്നതല്ല. നമ്മുടെ കേരളത്തിൽ ഇക്കൂട്ടർ അച്ചടിച്ച് പ്രചരിപ്പിക്കുന്ന ശീഈ സാഹിത്യങ്ങളിൽപോലും സഹാബത്തിനെ അവമതിക്കുന്ന നെറികെട്ട ഇത്തരം പ്രഖ്യാപനങ്ങൾ കാണാവുന്നതാണ്.

വേദഗ്രന്ഥങ്ങളിൽ തിരിമറി നടത്തിയാണ് മുൻ സമുദായങ്ങൾക്കിടയിൽ പുരോഹിതർ തങ്ങളുടെ താൽപ്പര്യങ്ങൾ സംരക്ഷിച്ചിരുന്നത്. എന്നാൽ വിശുദ്ധഖുർആനിൽ ഒരിക്കലും തിരിമറി നടത്താൻ സാദ്ധ്യല്ലെന്ന് മനസ്സിലാക്കിയ യഹൂദികൾ മുസ്ലിംകൾക്കിടയിൽ ആദർശപരമായും രാഷ്ട്രീയപരമായും ചിദ്രതയുണ്ടാക്കാൻ പലവിധത്തിലും ആദ്യകാലഘട്ടം മുതൽക്കേ പരിശ്രമിച്ചിരുന്നു. സഹാബത്തിനെതിരേ ഉള്ള വിമർശനങ്ങൾക്ക് തുടക്കം കുറിച്ചതിനും ഫിത്നകളുണ്ടാക്കിയതിനും പിന്നിൽ വർത്തിച്ച വികാരം അതേ ജൂതകുടിലത തന്നെയായിരുന്നു.


ഖുർആനും സുന്നത്തുമാകുന്ന ഇസ്ലാമിൻെറ മൂലപ്രമാണങ്ങൾ ലോകസമൂഹത്തിന് മുന്നിൽ തിരുനബി(സ)യിൽ നിന്നും ആദ്യമായി ഏററ് പറഞ്ഞ സഹാബത്തിനെ വഞ്ചകരും അഴിമതിക്കാരും ഭരിക്കുന്നവരിൽനിന്നും പണം വാങ്ങി പലതും കെട്ടിച്ചമച്ചുണ്ടാക്കിയവരും തിരിമറി നടത്തിയവരുമാണെന്നാണ് യഹൂദികളും ശീഇകളും മൗദൂദിസ്ററുകളും പ്രചരിപ്പിച്ചത്. ലോകം ഇങ്ങനെ മനസ്സിലാക്കിയാൽ പിന്നെ മുസ്ലിംകളെ ഭിന്നിപ്പിക്കാൻ സംഗതി എളുപ്പമാവുമെന്ന് ജൂതബുദ്ധി കരുതിയത്. അതുകൊണ്ട് തന്നെ സഹാബത്തിനെ തെറി പറയുന്നതിൽ ശീഇകൾക്ക് യാതൊരുവിധ ലക്കും ലഗാനുമില്ല. രാഷ്ട്രീയപരമായ അധികാര മൽസരങ്ങളിൽനിന്നുണ്ടായ തീർത്തും വേദനയേറിയ ചില ചരിത്ര സംഭവങ്ങൾ വളച്ചൊടിച്ചും എരിവ് ചേർത്തും ഇപ്പോഴും ആ സഹാബാനിന്ദ തുടർന്നുകൊണ്ടിരിക്കയാണ്.

1400 വർഷം മുൻപ് കർബലയിൽ നടന്ന വേദനാജനകമായ സംഭവങ്ങളെ വിങ്ങുന്ന ഹൃദയത്തോടെ മാത്രമേ നമുക്ക് ഓർമിക്കാനാവൂ. റസൂൽ(സ)യുടെ പേരക്കിടാവായ ഹുസൈൻ(റ) എല്ലാനിലക്കും സഹായിക്കാമെന്ന് വാഗ്ദാനം ചെയ്ത് കൂഫയിലേക്ക് ക്ഷണിച്ചുകൊണ്ടുപോവുകയും സഹായം ആവശ്യമായപ്പോൾ സഹായിക്കാതെ അമവീ സൈന്യത്തിന് മുന്നിലേക്കിട്ടുകൊടുക്കുകയും ചെയ്തത് വഞ്ചകൻമാരായ ഈ ശീഇകൾ തന്നെയാണ്...അന്ന് മഹത്തുക്കളായ സ്വഹാബീവര്യൻമാർ ഹുസൈൻ(റ) വിനോട് കൂഫക്കാരെ വിശ്വസിക്കരുത് ; നിങ്ങൾ പോകരുത് എന്ന് തീർത്തും പറഞ്ഞ് ഉപദേശിച്ചതാണ്. എന്നിട്ടും ആ ചതിയൻമാരായ കൂഫക്കാരുടെ ക്ഷണം ഹുസൈൻ(റ) സ്വീകരിച്ചു. കൂഫക്കാർ വാഗ്ദാനം പാലിക്കാതെ ഹുസൈൻ(റ)വിനെ എതിരാളികൾക്ക് മുന്നിലേക്കിട്ട് കൊടുത്ത് നോക്കിനിന്നു. പിന്നീട് നൂററാണ്ടുകൾക്ക് ശേഷം തങ്ങളുടെ മുൻഗാമികൾ ചെയ്ത ആ വഞ്ചനക്ക് പകരമായി കൊല്ലത്തിലൊരു

ദിവസം നെഞ്ചത്തടിച്ചും സ്വയം കുത്തിമുറിച്ചും തെറിപറഞ്ഞ് വിലപിച്ചത്കൊണ്ട് വല്ല കാര്യവുമുണ്ടോ..?

നബി(സ)യുടെ സന്തതസഹജചാരികളായ അബൂബക്കറും ഉമറും ഉസ്മാനുമടക്കമുള്ള സഹാബിപ്രമുഖൻ മാരേയും മുഹാജിറുകളേയും അൻസാറുകളേയും കള്ളക്കഥകൾ പറഞ്ഞ് തെറിയഭിഷേകം നടത്തി അഹ്ലുസ്സുന്നത്ത്വൽജമാഅത്തിനെ പ്രതിക്കൂട്ടിൽ നിർത്തിയാണ് കർബലാദിനമടക്കമുള്ള ഒരോ ശീഈ ആചാരങ്ങളും കടന്നുപോകുന്നത്. അലി(റ)വിൻെറ ആണ്ട്, ഫാതിമാബീവിയുടെആണ്ട് ഹസൻ(റ)വിൻെറ ആണ്ട് തുടങ്ങി വലുതും ചെറുതുമായ അവരുടെ ഇമാമീങ്ങളുടേയും പുരോഹിതൻമാരുടേയും ആണ്ടു ദിനത്തിലും മററും മുഹാജിറുകളേയും അൻസാറുകളേയും കള്ളക്കഥകൾ പറഞ്ഞ് തെറിയഭിഷേകം നടത്തുന്ന പാട്ട് പാടി മൗലിദോതലാണ് പ്രധാന നേർച്ച. എന്തിനധികം മഹാനായ രണ്ടാം ഖലീഫ ഉമറുൽഫാറൂഖ്(റ)വിനെ കൊലപ്പെടുത്തിയ അബൂലുഅ്ലുഅത്തിനെ വീരപരുഷനായി പ്രതിഷ്ഠിച്ച് അയാളുടെ പേരിൽ ശവകുടീരം കെട്ടിപ്പൊക്കി ആരാധിക്കുന്നിടത്തോളം കുടിലതയിലെത്തിയിട്ടുള്ളതാണ് ശിയാക്കളുടെ സുന്നീവിരോധം..

ഇറാനിലെ കാഷാൻ എന്ന സ്ഥലത്തുള്ള അബൂലുഅ്ലുഅത്തിൻെറ ജാറമാണ് താഴെ കൊടുത്തിട്ടുള്ളത് . ഉമർ (റ)വിനെ കൊലപ്പെടുത്തിയ അബൂലുഅ്ലുഅത്തിൻെറ ഈ ശവകുടീരം ഇറാനിലെ ഖുമൈനിസ്ററുകൾ സകല രീതിയിലും സംരക്ഷിച്ച് പരിപാലിക്കുന്നു പേർഷ്യ കീഴടക്കിയ ഉമർ(റ)വിനെ സുബ്ഹി നമസ്ക്കരിക്കുമ്പോൾ പിന്നിൽനിന്നും കുത്തിക്കൊലപ്പെടുത്തിയ ഈ മജൂസിയെ ഇറാനിയൻ ദേശീയതയുടെ പര്യായമായും ശിയാക്കളുടെ ദീനിൻെറ അഭിമാനമായും അവർ കണക്കാക്കുന്നു. ശീഇകൾ അവിടേക്ക് പുണ്യതീർത്ഥാടനം നടത്തി പ്രാർത്ഥിക്കുന്നു ഫിറോസാൻ എന്നും അബൂലുഅലുഅത്തെന്നും ബാബ ശുജാഉദ്ദീൻ എന്നുമൊക്കെ വിവിധ പേരുകളിൽ ശിയാക്കൾ വിളിക്കുന്ന അബൂലുഅ്ലുഅത്തിൻെറ കാഷാനിൽ ഉള്ള ജാറം ശിയാക്കളുടെ അറിയപ്പെടുന്ന സിയാറത്ത് കേന്ദ്രമാണ് .. ഈ ജാറത്തിലെ ചുമരുകളിൽ അബൂബക്കർ അബൂബക്കർ(റ)വിനേയും ഉമർ(റ)വിനേയും ഉസ്മാൻ(റ)വിനേയും ശപിച്ചുകൊണ്ടുള്ള ശാപപ്രാർത്ഥന എഴുതിവെച്ചിട്ടുമുണ്ട്.



ഉമർ (റ)വിനെ കൊലപ്പെടുത്തിയ അബൂലുഅ്ലുഅത്തിൻെറ ജാറം കെട്ടിപ്പൊക്കിയ മഖാം



ഉമർ (റ)വിനെ കൊലപ്പെടുത്തിയ അബൂലുഅ്ലുഅത്തിൻെറ ജാറം

**During the Safavid era and the rise of Shia Islam to power, the dynasty named him Bābā Shojā ul-Din (the one who is brave in the cause of religion) and claimed that he was a devout Shia and a martyr.**



**Abu-Lu'lu'ah (also Pirouz Nahāvandi, Firouz or Baba Shuja-e-din, نهاوندی پیروز) was a Persian solder. He was captured and enslaved after the fall of Ctesiphon. He assassinated the Muslim caliph, Umar al-Khattab in 23 AH (644–645) CE**

**His mausoleum located on the road from Kashan to Fins, constructed in an eleventh century distinctive Persian-Khwarezmian dynastic architectural style, consisted of a courtyard, porch and conical dome decorated with turquoise coloured tiles, and painted ceilings. The Original date of it's construction is unknown, but in second-half of fourteen century it was fully restored and a new tombstone was placed over his grave.**

Umar al-Khattab, was put to death by Abu Lu'lu'ah ( Firuzan) in 645 CE. It is said that Firuzan was captured and enslaved after the fall of Ctesiphon. Abu Lu'lu'ah attacked Umar while he was leading fajr prayer, by stabbing him several times and thirteen other Sahaba (may Allah be pleased with them all). ABU-Luuah ( Firuzan ) was a Zoroastrian (by some accounts he was a priest), as the majority of Iranian were at the time of Arab occupation of Iran in 7th century. During the Safavid era and the rise of Shia Islam to power, the dynasty named him Baba Shoja ul-Din (the one who is brave in the cause of religion) and claimed that he was a devout Shia and a martyr. On his grave it writes (in Fasri): "Death to Abu Bakr. Death to Umar. Death to Uthman."

**ഈ ശവകുടീരം കാണാൻ ഈ ലിങ്കിൽ പോയാൽ മതി :**

**http://video.google.com/videoplay?docid=1775266764341707560#**

നബി(സ)യുടെ സന്തതസഹചാരികളായിരുന്ന സഹാബത്തിനോട് ശിയാക്കൾക്കുള്ള വെറുപ്പിൻെറ ആഴം മനസ്സിലാക്കാൻ ഇതിൽ കൂടുതൽ വല്ല തെളിവും വേണോ..? ഉമർ(റ)വിനെ കൊലപ്പെടുത്തിയ ആ കാഫിറിൻെറ പേരിൽവരെ ജാറംകെട്ടിപ്പൂജിക്കുന്ന ഈ കൂട്ടരെ ഇസ്‌ലാമികവിപ്ലവത്തിൻെറ നെടുനായകൻമാരായി മലയാളികൾക്കിടയിൽ പ്രചരിപ്പിച്ച് വഞ്ചന നടത്തുന്ന മൗദൂദിസ്ററുകളേ ., നിങ്ങളുടെ ഈ വഞ്ചന എല്ലാ കാലത്തും നടക്കില്ലായെന്ന് തിരിച്ചറിയണം... അല്ലാഹു അക്ബർ.

ഇറാനിലെ സുന്നികളായ പണ്ഡിതൻമാരെ അമേരിക്കൻചാരൻമാരാണെന്ന് പറഞ്ഞ് അറുകൊല ചെയ്യുന്നു. ടെഹ്റാനിലുള്ള സുന്നികളുടെ സകല പള്ളി കളും മദ്രസകളും മററ് സ്ഥാപനങ്ങളും നഗരവികസനത്തിൻേയും മററും പല കാരണങ്ങളും പറഞ്ഞ് അടച്ചു പൂട്ടുന്നു. ഇപ്പോൾ (2010ൽ) ടെഹ്റാനിൽ ഉള്ള ഒരു സുന്നിക്ക് ജുമുഅ നമസ്ക്കരിക്കണമെങ്കിൽ നഗരത്തിൽനിന്നും 110കിലോമീററർ ദൂരെയുള്ള പാകിസ്ഥാനീ മദ്രസയിലേക്ക് പോകണം . പാകിസ്ഥാനികളായ സുന്നികൾ നടത്തുന്ന ഈ മദ്രസയിലെ ബെഞ്ചും ഡസ്ക്കുമൊക്കെ മാററിയിട്ട് മുസല്ല വിരിച്ചാണ് അവിടെ ജുമുഅ നമസ്ക്കരിക്കുന്നത്. ഇറാനിലെ ബാക്കിയുള്ള സ്ഥലങ്ങളിലുള്ള സുന്നി പള്ളികളിൽ ബാങ്കൊടുക്കുമ്പോൾ അശ്ഹദുഅന്ന അലിയ്യൻവലിയുല്ലാഹ് എന്ന് നിർബന്ധമായും പറയണമെന്നത് നിയമമാക്കിയിരിക്കുന്നു. ടെഹ്റാനിൽ ജൂതൻമാർക്കും ക്രിസ്ത്യാനികൾക്കും ബഹായികൾക്കും മജൂസികൾക്കും നൂറോളം ആരാധനാലായങ്ങളും സ്ക്കൂളുകളും മററുമുണ്ട് വലിയ ഇസ്‌ലാമിക ഐക്യം പറഞ്ഞ് നടക്കുന്ന ജമാഅത്തെ ഇസ്‌ലാമിക്കാർ ലോക മുസ്‌ലിംകൾക്ക് മാതൃകയാക്കി അവതരിപ്പിക്കുന്ന ഇറാനിലെ ഖുമൈനിസ്ററുകൾക്ക് സുന്നികളോടും ലോകമുസ്‌ലിംകളോടും ഇസ്‌ലാമിക ഐക്യത്തോടും എത്രമാത്രം താൽപ്പര്യവും സ്നേഹവും ഉണ്ടെന്ന് ഇനി പറയണോ..??

കുറിപ്പ് : അബൂലുഅ്ലുഅത്ത് മദീനയിലാണ് മരണപ്പെട്ടതെന്നാണ് ചരിത്രം. പക്ഷേ അതൊന്നും ജാറം പൂജയുടെ ആശാൻമാരായ ശിയാക്കൾക്ക് പ്രശ്നമല്ല. ജാറം പൂജകൻമാർക്ക് മൺകൂനയല്ലാതെ അതിൽ മയ്യിത്ത് വേണമെന്നോ അത് മുസ്‌ലിമാവണമെന്നോ അഡ്രസ് ഉണ്ടാവണമെന്നോ എന്നതൊന്നും ഒരു നിബന്ധനയല്ല. ഈ സത്യം ഓച്ചിറ കുപ്പസ്വാമിയും തിരൂർ പുതിയങ്ങാടിയിലെ ഡബിൾജാറമുള്ള യാഹൂതങ്ങളും പുതുപൊന്നാനി അടിഞ്ഞീവിയുമൊക്കെ ആരാധിക്കപ്പെടുന്ന കേരളീയ മുസ്‌ലിംകളോട് പ്രത്യേകം പറയേണ്ടതില്ലല്ലോ..

ഇനി ഞാൻ വിശദീകരിക്കുന്നത് മൗദൂദികളുടെ ഗ്രന്ഥങ്ങളിൽ വന്ന സഹാബത്തിനെ നേർരക്കുനേരെ മലയാളത്തിൽ ചീത്ത പറയുന്ന ഭാഗങ്ങളാണ്. കാണുക:

ബദ്റിലും ഉഹ്ദിലും ഹുനൈനിലും പങ്കെടുക്കാൻ ഭാഗ്യം ലഭിച്ചവരാണ് മൂന്നാമത്തെ വിഭാഗം. പ്രവാചകനുമൊത്ത് സ്വദേശം വെടിഞ്ഞു പലായനം ചെയ്തിട്ടുള്ളവരെന്ന മഹത്വവും അവർക്കുണ്ട്. പ്രവാചകൻെറ(സ) സാന്നിദ്ധ്യവും സഹവാസവും അനുഭവിച്ച അനുഗൃഹീതരുമാണവർ. മനശ്ചാഞ്ച ല്യലേശമന്യേ അവർ മുആവിയയുടെ ഹരിതകൊട്ടാര[32] ത്തിലെത്തി അവനവൻെറ ഉപജീവവനോപാധികൾ ഉറപ്പുവരുത്തുകയും സുരക്ഷിതമാക്കുകയും ചെയ്തു. അവർക്കു മുടങ്ങാതെ സാമ്പത്തികനേട്ടങ്ങൾ ലഭിച്ചു കൊണ്ടുമിരുന്നു. അബുദ്ദർദാ,[33] അബൂഹുറൈറ,[34] അബൂമൂസാ[35] എന്നിവർക്കു ഹദീസുനിവേദനത്തിന് "കമീഷൻ" നിശ്ചയിക്കപ്പെട്ടു. ഹദീസൊന്നിന് ഒരു ദീനാർ വീതമായിരുന്നുവത്രെ കമീഷൻ. പ്രവാചകൻെറ സന്തതസഹചാരിയും ഹദീസുശാസ്ത്രത്തിൽ വിദഗ്ധനുമായ ഒരു സഹാബിയായിരുന്നു അബൂഹുറൈറ. ഉമവികളുടെ കൊട്ടാരത്തിൽ ഉയർന്ന പരിഗണനയും പദവിയുമാണ് അദ്ദേഹം അലങ്കരിച്ചിരുന്നത്,

ഇത് മൗദൂദികൾ മലയാളത്തിൽ അച്ചടിച്ചു വിൽക്കുന്ന ശിയാനേതാവ് അലിശരീഅത്തിയുടെ രക്താസാക്ഷ്യം എന്ന പുസ്തകത്തിലേതാണ്. ---
മനശ്ചാന്ചല്യ ലവലേശമന്യേ അവർ മുആവിയയുടെ ഹരിത കൊട്ടാരത്തിൽലെത്തി അവനവൻെറ ഉപജീവനോപാധികൾ ഉറപ്പുവരുത്തുകയും സുരക്ഷിതമാക്കുകയും ചെയ്തു. അവർക്ക് മുടങ്ങാതെ സാമ്പത്തികനേട്ടങ്ങൾ ലഭിച്ചു കൊണ്ടുമിരുന്നു.
അബൂഹുറൈറ(റ)വിനും അബുദ്ദർദ്ദാ(റ)വിനും അബൂമൂസാ(റ)വിനും ഹദീസ് നിവേദനത്തിന്ന് കമ്മീഷൻ നിശ്ചയിക്കപ്പെട്ടു. ഹദീസൊന്നിന് ഒരു ദീനാർ വീതമായിരുന്നുവത്രേ കമ്മീഷൻ. ------- നഊദുബില്ലാഹ്

ഇതൊരു മുസ്ലിമിന്ന് എഴുതാൻ പററുന്നതാണോ..? ഹദീസുകളെക്കുറിച്ച് പഠിക്കുന്ന ഒരു ചെറിയ വിദ്യാർത്ഥിക്കുപോലും ഈ പരാമർശങ്ങൾ അനിസ്ലാമികമാണെന്ന് മനസ്സിലാവും. നബി(സ)യുടെ ജീവിതചര്യ എന്താണെന്ന് ലോകത്തിന്ന് അറിയിച്ച് കൊടുത്തതിൽ ഏററവും മുൻപന്തിയിൽ നിൽക്കുന്ന മഹാനായ സഹാബിയാണ് അബൂഹുറൈറ(റ). ഇസ്ലാമികപ്രമാണങ്ങൾ ശരിയല്ലാ എന്ന് വാദിക്കുന്നവരും മുസ്ലിംകൾക്കിടയിൽ ഫസാദുണ്ടാക്കണമെന്ന് കരുതി നടക്കുന്നവരുമായ യഹൂദികളും ചേകനൂരികളും ശിയാക്കളും മോഡേണിസ്ററുകളും മൗദൂതികളും മററുള്ളവരും കൂട്ടത്തോടെ ആക്രമിക്കുന്നതും അബൂഹുറൈ(റ).വിനെയാണ്.
അദ്ദേഹവും മററ് സഹാബികളും ഭരണാധികാരികൾക്കൊപ്പിച്ച് കൈക്കൂലി വാങ്ങി ഹദീസ് പറഞ്ഞിരുന്നവരായിരുന്നൂ എന്ന് മുസ്ലിംകൾതന്നെ പ്രചരിപ്പിക്കപ്പെടുമ്പോൾ വളരെയധികം ഗുരുതരമായ ഫിത്നകളാണ് ഇസ്ലാമികലോകത്തുണ്ടാവുന്നത്.. നബി(സ)യിൽനിന്നുള്ള ബഹുഭൂരിപക്ഷവും ഹദീസുകൾ രിവായത്ത് ചെയ്തിട്ടുള്ള ഈ മഹാൻമാരെക്കുറിച്ച് ഇസ്ലാമികലോകത്ത് സംശയമുണ്ടാക്കിയാൽ മുസ്ലിമീങ്ങളുടെ പ്രമാണങ്ങളുടെ വിശ്വാസ്യതയെ ചോദ്യം ചെയ്ത് ഫിത്ന പരത്താൻ ഒരു പ്രയാസവും കാണില്ലാ എന്നാണ് യഹൂദികളുടെ വളഞ്ഞ ബുദ്ധി ശിയാക്കളെ ഉപദേശിച്ചത്.

നബി(സ)യെ സ്നേഹിക്കുന്ന, സഹാബത്തിനെ സ്നേഹിക്കുന്ന സഹോദരൻമാരേ ചിന്തിക്കുക: ഇങ്ങനെ ശിയാക്കളുടെ വിഷം ചീററുന്ന ജൂതസാഹിത്യങ്ങൾ മലയാളികൾക്കിടയിൽ പ്രചരിപ്പിക്കുന്ന ഈ മൗദൂദികളുടെ ലക്ഷ്യം എന്താണ്..??

ശിയാക്കളുടെ കിതാബുകളിൽ നിന്നും തെളിവുകൾ നിരത്തി ബാക്കി ഭാഗം അടുത്ത ലേഖനത്തിൽ ... ഇൻശാ അല്ലാഹ്

പി കെ എം ബശീർ എരമംഗലം